(ബി) ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ഇല്ലെങ്കിൽ അവിടെ മാവേലി സ്റ്റോറുകൾ അടിയന്തിരമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) ഇല്ല. ആകെയുള്ള 80 പഞ്ചായത്തുകളിൽ 64 പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിച്ചു. ബാക്കി 16 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുണ്ട്. മാവേലി സ്റ്റോറുകൾക്ക് അനുയോജ്യമായ സ്ഥലവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനനുസരിച്ച് മറ്റ് പഞ്ചായത്തുകളിലും കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

129 (148) മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ എന്നത്തേയ്ക്ക് അവ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഏറിയാട്, മേത്തല, പെരിഞ്ഞനം, മതിലകം, എസ്.എൻ.പുരം എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇടവിലങ്ങ് പഞ്ചായത്തിൽ മാത്രമാണ് ഇനിയും മാവേലി സ്റ്റോർ തുടങ്ങാനുള്ളത്. അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. അതു കിട്ടുന്ന മുറയ്ക്കു പുതിയ മാവേലിസ്റ്റോർ പ്രവർത്തനമാരംഭിക്കുവാൻ കഴിയും.

130 (149) മൂടാടി പഞ്ചായത്തിലെ മാവേലി സ്റ്റോർ

ശ്രീ. പി.വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മാവേലിസ്റ്റോർ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly